**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5804. 29.07.2015 ൽ മറുപടിയ്ക്ക്.**

**വാഹന രജിസ്ട്രേഷൻ**

| | ചോദ്യം<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ രജിസ്ട്രേഷൻ ഉൾപ്പടെയുള്ള വാഹന നികുതി അന്യ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണ് എന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. രജിസ്ട്രേഷൻ ഫീസ് എല്ലാ സംസ്ഥാനങ്ങളിലും ഒരുപോലെയാണ്. വാഹനനികുതിയുടെ കാര്യത്തിൽ തമിഴ്നാട്,കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെയും കേരളത്തിലേയും നികുതികൾ ഏറെക്കുറെ ഏകീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ പുതുച്ചേരി പോലുള്ള കേന്ദ്ര ഭരണ പ്രദേശങ്ങളിൽ വാഹന നികുതി താരതമ്യേന കുറവാണ്. |
| (ബി) | ഇക്കാരണത്താൽ ആഡംബര വാഹനങ്ങൾ ഉൾപ്പടെയുള്ളവ വ്യാജ വിലാസം നൽകി അന്യ സംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ നടത്തിയ ശേഷം സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | എങ്കിൽ ഇത്തരത്തിൽ എത്ര വാഹനങ്ങൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | കണക്കാക്കിയിട്ടില്ല |
| (ഡി) | ഇതു സംബന്ധിച്ച് എത്ര പരാതികൾ ലഭ്യമായെന്നും എത്രയെണ്ണത്തിൽ നാളിതുവരെ നടപടി സ്വീകരിച്ചെന്നും എത്ര വാഹനങ്ങൾ പിടികൂടിയെന്നും എത്ര തുക ഫൈൻ ഇനത്തിൽ ഈടാക്കിയെന്നും വിശദമാക്കാമോ? | | പരാതികൾ ലഭിച്ചിട്ടില്ല. എന്നാൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 20 വാഹനങ്ങൾ പിടിച്ചെടുക്കുകയും 15,56,013/- രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.